മാനദണ്ഡങ്ങൾക്കനുസരിച്ചും ശതമാന കണക്കിലും അടിസ്ഥാന വസ്തു നികുതിയിൽ ഇളവുകളും വർദ്ധനവുകളും വരുത്തേണ്ടതും അപ്രകാരം ഇളവുകളും വർദ്ധനവുകളും വരുത്തിയ പ്രകാരമുള്ള ഇക തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയിലേക്ക് ക്രമീകരിച്ച് കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി നിർണ്ണയിക്കുന്നു.

(ബി) 14-1-2011-ലെ സ.ഉ.(അ) നമ്പർ 20/2011 ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ വിജ്ഞാപനം ചെയ്തു. അതനുസരിച്ച് 14-1-2011 മുതൽ നമ്പർ നൽകുന്ന കെട്ടിടങ്ങൾക്ക് പുതിയ നിരക്ക് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എന്നാൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾക്ക് 1-4-2013 മുതൽ മാത്രമേ പുതിയ നിരക്ക് ബാധകമാക്കിയിട്ടുള്ളൂ.

മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയോട് കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്ത് ജീവനക്കാരുടെ സ്ഥലംമാറ്റം

234 (T4277) ശ്രീ. കെ. വി. അബ്ദുൾഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയോട് കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകളിലെ ജീവനക്കാരെ മറ്റ് പഞ്ചായത്തുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് സർക്കാർ പ്രത്യേകം ഉത്തരവ് നൽകിയിരുന്നെങ്കിലും ചിലയിടങ്ങളിൽ ഹൾ ടൈം സ്വീപ്പർ, പാർട്ട്ടൈം സ്വീപ്പർ തസ്തികകളിലെ ജീവനക്കാർക്ക് മറ്റ് പഞ്ചായത്തുകളിലേക്ക് സ്ഥലംമാറ്റം നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ സ്പഷ്ടീകരണം ആവശ്യപ്പെട്ട പഞ്ചായത്ത് ഡയറക്ടറുടെ കത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) ഇത്തരം ജീവനക്കാർക്ക് സ്ഥലം മാറ്റം നൽകുന്നതിന് ഉത്തരവ് നൽകാമോ ?

ഉത്തരം

(എ) മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയോട് കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകളിലെ കണ്ടിജന്റ് ജീവനക്കാരെ മറ്റ് പഞ്ചായത്തുകളിലേക്ക് സ്ഥലം മാറ്റുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കുന്നമുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

"T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly